**പാഠം 3** **ജൂലൈ 14–20**

# ആദ്യകാലസഭയിലെ ജീവിതം

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന്: അ.പ്ര. 2:42–46; 3:1–26; 4:1–18; 4:34,35; 5:1–11; 5:34–39.**

**മനഃപാഠവാക്യം: "ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടി വരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥ തയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെ ടുന്നവരെ ദിനമ്പ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു (അ.പ്ര. 2:46,47).**

ആദ്യകാല സഭയുടെ ആവശ്യകതാബോധം ശക്തമായിരുന്നില്ല. മശീഹ യുടെ സാമ്രാജ്യം സ്ഥാപിക്കുന്നത് സംബന്ധിച്ച ചോദ്യത്തിന് യേശു മറു പടി നൽകിയപ്പോൾ സമയത്തെക്കുറിച്ച് ഒന്നും പറയാതെ (അ.പ്ര. 1:6–8) എല്ലാം പരിശുദ്ധാത്മാവിന്റെ വരവിനോടും അപ്പൊസ്തലന്മാരുടെ ദൗത്യ പൂർത്തീകരണത്തോടും ബന്ധപ്പെട്ടാണ് എന്നു മനസ്സിലാക്കാൻ കഴിയും എന്ന ചിന്തയിൽ അങ്ങനെ അവിടെ പറഞ്ഞുനിർത്തി. അതുകൊണ്ട് പെന്തെക്കൊ സ്തുനാൾ വന്നപ്പോൾ ആദ്യകാല വിശ്വാസികൾ ചിന്തിച്ചത് എല്ലാം പൂർത്തീ കരിച്ചു എന്നാണ്. അവർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു. സുവിശേഷം സകല ലോകവുമായി പങ്കുവച്ചു. എല്ലാ അപ്പൊസ്തലന്മാരും യെരൂശലേം വിട്ട് പുറത്തെ ലോകത്തേയ്ക്ക് പോയില്ല. എന്നാൽ ലോകം അവരിലേക്ക് വന്നു (അ.പ്ര. 2:5–11).

അടുത്തപടി എന്തു സംഭവിച്ചു? സഭ, ഭൗതികവസ്തുക്കളോടുള്ള ആഭി മുഖ്യം ഉപേക്ഷിച്ചു. സമയം ചുരുക്കമാണ് എന്നു തിരിച്ചറിഞ്ഞ അവർ എല്ലാം വിറ്റു വചനം പഠിക്കാൻ അവരെ സമർപ്പിച്ചു. യേശുവിനെ സാക്ഷീകരിക്കു ന്നതിലൂടെ കൂട്ടായ്മ ആചരിച്ചു. എന്നാൽ ഇത് യെരൂശലേമിൽ മാത്രമായി രുന്നു. ഈ സാമൂഹ്യജീവിതം ദരിദ്രരെ സഹായിക്കുന്നതിൽ ഫലപ്രദമായി രുന്നെങ്കിലും പെട്ടെന്ന് പ്രശ്നങ്ങൾ ഉടലെടുത്തു. സഭയെ ഐക്യത്തിൽ നിർത്താൻ ദൈവത്തിന് ഇടപെടേണ്ടിവന്നു. അവർ എതിർപ്പുകളെ അഭി മുഖീകരിക്കാൻ തുടങ്ങിയതും ഈ സമയത്തായിരുന്നു. എന്നിട്ടും ഇതി നെല്ലാം നടുവിൽ അവരുടെ വിശ്വാസം അചഞ്ചലമായി നിലകൊണ്ടു.

**ഉപദേശവും കൂട്ടായ്മയും**

പെന്തെക്കൊസ്തിനുശേഷം ലൂക്കൊസ് തന്റെ എഴുത്ത് ഒരു പൊതു വിവരണത്തിലേക്ക് മാറുന്നു. യെരൂശലേമിലെ സഭയ്ക്കുള്ളിലെ ജീവിതം "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (അ.പ്ര. 2:42). ഉപദേശത്തിലും കൂട്ടായ്മയിലും നാലുകാര്യങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതായി കാണുന്നു. വാക്യം 46 അനുസരിച്ച് ഉപദേശവും പഠിപ്പിക്കലും ദൈവാലയത്തിലും കൂട്ടായ്മ വ്യക്തികളുടെ ഭവനങ്ങളിലുമായിരുന്നു.

ദൈവാലയത്തിന്റെ ചുറ്റുമുള്ള അങ്കണം മേൽപ്പുരയോടുകൂടിയതിനാൽ റബ്ബിമാരുടെ ഉപദേശങ്ങൾ ഇവിടെയായിരുന്നു. വിശ്വാസികൾ അവരെത്തന്നെ അപ്പൊസ്തലന്മാർക്കായി സമർപ്പിച്ചിരുന്നു. പഠിപ്പിക്കലുകൾ കാണിക്കുന്നത് പരിശുദ്ധാത്മാവിന്റെ വരം അവരെ നയിച്ചത് അഭ്യൂഹങ്ങളുടെയും അനുമാനങ്ങളുടെയും മതത്തിലേയ്ക്ക് അല്ല. എന്നാൽ അപ്പൊസ്തലന്മാരുടെ കീഴിൽ വളരെ വിശ്വസ്തമായ പഠനപ്രക്രിയയിലേയ്ക്കാണ്. ഈ അപ്പൊസ്തലന്മാരുടെ അധികാരത്തോടെയുള്ള ഉപദേശങ്ങൾ അത്ഭുതങ്ങളാലും അടയാളങ്ങളാലും ആധികാരികമുള്ളതായി (അ.പ്ര. 2:43).

ആത്മീയമായ കൂട്ടായ്മ ആയിരുന്നു ആദ്യകാല ക്രിസ്തീയ വിശ്വാസത്തിന്റെ വ്യത്യസ്തമായ ഒരു അടയാളം. വിശ്വാസികൾ എപ്പോഴും ദൈവാലയത്തിലും ഭവനങ്ങളിലും ഒന്നിച്ചായിരുന്നു. അവിടെ അവർ ആഹാരം പങ്കുവച്ചു തിരുവത്താഴശുശ്രൂഷ നടത്തി പ്രാർത്ഥിച്ചു (അ.പ്ര. 2:42,46). ഇങ്ങനെ ദിനംതോറുമുള്ള ആഘോഷങ്ങളാൽ ആദ്യകാല ക്രിസ്ത്യാനികൾ യേശുവിന്റെ വേഗത്തിലുള്ള മടങ്ങിവരവിൽ അവർക്കുള്ള പ്രത്യാശ പ്രകടിപ്പിച്ചു. അവൻ അവരോടൊത്തുള്ള കൂട്ടായ്മ മശീഹയുടെ സാമ്രാജ്യം പുനഃസ്ഥാപിക്കലായിരിക്കും (മത്തായി 26:29).

സ്വകാര്യഭവനങ്ങൾ, ആദ്യകാലസഭയുടെ ജീവിതത്തിൽ പ്രധാനപങ്ക് വഹിച്ചിട്ടുണ്ട്. ഇപ്പോഴും വിശ്വാസികൾ ദൈവാലയത്തിലെ ദിനംതോറുമുള്ള ശുശ്രൂഷകളിൽ പങ്കുകൊണ്ടിരുന്നു (അ.പ്ര. 3:1). ശബ്ബത്തുകളിൽ മുടക്കം ഇല്ലാതെ തങ്ങളുടെ സഹ യഹൂദന്മാരുമായി സിനഗോഗിലായിരുന്നു. എന്നാൽ ക്രിസ്തീയ പ്രാർത്ഥനയിലെ വ്യത്യസ്തമായ ഭാഗങ്ങൾ നടത്തപ്പെട്ടത് ഭവനങ്ങളിലാണ്.

**വായിക്കുക: അ.പ്ര. 2:44,45; 4:34,35 ആദ്യകാല ക്രിസ്തീയ കൂട്ടായ്മയുടെ പ്രധാനപ്പെട്ട തലം എന്തായിരുന്നു?**

അന്ത്യകാലം അടുത്തു എന്ന് വിശ്വസിച്ചുകൊണ്ട് തങ്ങളുടെ ഭൗതിക വസ്തുക്കൾ (സ്വകാര്യസ്വത്ത്) ഒരിക്കൽപ്പോലും അത്രമേൽ പ്രധാനപ്പെട്ട

തല്ല എന്ന് തീരുമാനിച്ചു. ഭൗതികവസ്തുക്കളും അവയുടെ ഉറവിടങ്ങളും പൊതുവായി ഉപയോഗിക്കുന്നത് കൂടുതൽ അനുയോജ്യമെന്നു തോന്നി. മശീഹ തന്നെ അവരുടെ ആവശ്യങ്ങൾ നിറവേറ്റും എന്നുള്ളതിനാൽ നാളയെക്കുറിച്ച് ആകുലപ്പെടേണ്ട കാരണങ്ങളൊന്നുമില്ലായിരുന്നു (ലൂക്കൊസ് 22:29,30). ഈ പങ്കുവയ്ക്കൽ അസാധാരണമായ ഒരു ക്രൈസ്തവ ഔദാര്യതയ്ക്കുള്ള ഉദാഹരണത്തേക്കാൾ ആഴമേറിയ ഐക്യബോധം അനുഭവിക്കാൻ അവർക്കു കഴിഞ്ഞു.

**ദൈവത്തിൽനിന്ന് നിങ്ങൾക്കു നൽകപ്പെട്ടിട്ടുള്ളതിൽ നിങ്ങൾ എത്ര മാത്രം ഔദാര്യമുള്ളവരാണ്?**

**തിങ്കൾ** **ജൂലൈ 16**

## ഒരു മുടന്തനായ മനുഷ്യന്റെ സൗഖ്യം

അ.പ്ര. 3:1 ൽ പത്രൊസും യോഹന്നാനും മൂന്നു മണിക്കുള്ള പ്രാർത്ഥനയ്ക്കായി ദൈവാലയത്തിലേക്കു പോയി. ഇതു ചൂണ്ടിക്കാണിക്കുന്നത് ആദ്യകാലത്ത് ദൈവാലയങ്ങളുടെമേലുള്ള യഹൂദരുടെ വിശ്വാസത്തിന്റെ അടിസ്ഥാനസ്വഭാവമാണ്. അപ്പൊസ്തലന്മാർ ഉപദേശിക്കുവാനോ അല്ലെങ്കിൽ പുതിയ വിശ്വാസത്തിലേക്ക് കൊണ്ടുവരുവാനോ മാത്രമല്ല ദൈവാലയത്തിൽ പോയിരുന്നത്. എന്നാൽ പത്രൊസും യോഹന്നാനും ഇപ്പോഴും യഹൂദന്മാരാണ് അതുകൊണ്ടുതന്നെ യഹൂദമതപാരമ്പര്യങ്ങളോട് പ്രതിബദ്ധതയുള്ളവരാണ് (അ.പ്ര. 20:16; 21:17-26).

ആ ദൈവാലയത്തിൽ വളരെശ്രദ്ധേയമായ ഒരു അത്ഭുതപ്രവൃത്തി ചെയ്യുവാൻ അവർക്കു കഴിഞ്ഞു. അതു മറ്റൊരു ദൂത് പ്രസംഗിക്കുവാൻ പത്രൊസിനു അവസരം ഒരുക്കി (അ.പ്ര. 3:1-10).

**വായിക്കുക അ.പ്ര. 3:12-26 പത്രോസിന്റെ പ്രസംഗത്തിലെ പ്രധാന ഊന്നലുകൾ എന്തൊക്കെയായിരുന്നു?**

ആദ്യകാല ക്രൈസ്തവ സുവിശേഷഘോഷണത്തിലെ പ്രധാന അഞ്ച് സവിശേഷകാര്യങ്ങൾ: കഷ്ടം അനുഭവിച്ച മശീഹ ക്രിസ്തു ആയിരുന്നു (അ.പ്ര. 3:18); ദൈവം അവനെ ഉയിർപ്പിച്ചു (അ.പ്ര. 3:15); യേശു സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടു (അ.പ്ര. 3:13); അവൻ വീണ്ടുംവരും (അ.പ്ര. 3:20); പാപക്ഷമയ്ക്ക് പശ്ചാത്താപം ആവശ്യമാണ് (അ.പ്ര. 3:19).

സാഹചര്യങ്ങൾ മാറിയെങ്കിലും ഇന്നും ഈ ദൂതാണ് പല മാർഗ്ഗങ്ങളിലൂടെ നാം ലോകത്തിന് നൽകുന്നത്. അപ്പൊസ്തലന്മാർ ഇപ്പോഴും യഹൂദാ ചട്ടക്കൂടിലായിരുന്നു. മതങ്ങളെ മാറ്റുന്നതിനുപകരം അടിസ്ഥാനപരമായി ജനങ്ങൾ പഴയ ഉടമ്പടിയിൽനിന്ന് പുതിയതിലേക്ക് 'കുടിയേറുകയായിരുന്നു.'

ദൈവജനങ്ങളുടെ ഭാഗമെന്ന നിലയിൽ മശീഹയെ അവർക്കു സ്വീകരിക്കണമായിരുന്നു. പുതുജനനത്തിന്റെ അനുഭവത്തേതുടർന്ന് യേശുവിനെ സത്യത്തിൽ സ്വീകരിച്ചു.

ഇന്ന് സാഹചര്യം വ്യത്യസ്തമെങ്കിലും ആവശ്യമായ ദൂത് അതുതന്നെയാണ്. ക്രിസ്തു നമ്മുടെ പാപങ്ങൾക്കായി മരിച്ചു, ഉയിർത്തെഴുന്നേറ്റു, അവൻ വീണ്ടും വരും. അതിന്റെ അർത്ഥം അപ്പോൾ നമുക്ക് അവനിൽ രക്ഷ കണ്ടെത്താൻ കഴിയും എന്നാണ്. വെളിപ്പാട് പതിനാലിലെ ത്രിവിധ ദൂതിന്റെ അടിസ്ഥാനത്തിലാണെങ്കിലും യേശുക്രിസ്തു ക്രൂശിക്കപ്പെട്ടു, യേശുക്രിസ്തു ഉയിർത്തു. മാത്രമല്ല യേശുക്രിസ്തുവിന്റെ മടങ്ങിവരവായിരിക്കണം നാം ഘോഷിക്കുന്ന കാതലായ ദൂത്.

“ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നവരിൽ സെവന്ത്-ഡെ അഡ്വന്റിസ്റ്റുകാരായിരിക്കണം ക്രിസ്തുവിനെ ലോകത്തിന്റെ മുൻപിൽ ഉയർത്തിക്കാണിക്കുന്നതിൽ ഒന്നാമത്തേത്. ത്രിവിധദൂതുകളുടെ പ്രഖ്യാപനം, ശബ്ബത്ത് സത്യത്തെ അവതരിപ്പിക്കാനുള്ള ഒരു വിളിയാണ്. ഈ സത്യവും മറ്റ് ദൂതുകളുടെ കൂടെ പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ ശ്രദ്ധാകേന്ദ്രമായ യേശുക്രിസ്തുവിനെ ഉപേക്ഷിക്കാൻ പാടില്ല. ക്രിസ്തുവിന്റെ ക്രൂശിലാണ് കരുണയും സത്യവും തമ്മിൽ സന്ധിക്കുന്നത്, നീതിയും സമാധാനവും തമ്മിൽ ചുംബിക്കുന്നത്. അവന്റെ ദയയിൽ വിശ്വസിച്ചുകൊണ്ട് അവന്റെ നീതിയെ സ്വീകരിച്ചുകൊണ്ട് ഒരു ചെറിയ പൈതലിന്റെ ലളിത വിശ്വാസത്തോടെ രക്ഷകന്റെ നന്മകളിൽ വിശ്വസിച്ചുകൊണ്ട് പാപി കാൽവരിയിലേക്ക് നയിക്കപ്പെടണം.” എലൻ ജി. വൈറ്റ്, ഗോസ്പൽ വർക്കേഴ്സ് പേജ് 156,157.

**ചൊവ്വ** **ജൂലൈ 17**

## എതിർപ്പിന്റെ ഉയർച്ച

അധികകാലമില്ലായിരുന്നു. സഭയുടെ വിജയം യെരൂശലേമിലെ നേതാക്കന്മാരിൽ എതിർപ്പിന്റെ പ്രതികരണമുണ്ടാക്കി. യെരൂശലേം ദൈവാലയത്തിന്റെ ചുമതലകൾ വഹിച്ചിരുന്നത് മഹാപുരോഹിതനും സഹപുരോഹിതന്മാരുമായിരുന്നു. കൂടുതൽ ആളുകളും സദൂക്യരായിരുന്നു. മഹാപുരോഹിതൻ സാൻഹെഡ്രിൻ സംഘത്തിന്റെ അദ്ധ്യക്ഷനായിരുന്ന ആ സമയങ്ങളിൽ ഉൾപ്പെട്ടിരുന്ന ഭൂരിപക്ഷം ആളുകളും സദൂക്യരും പരീശന്മാരും ആയിരുന്നു. സദൂക്യർ ഉയിർപ്പിൽ വിശ്വസിക്കാത്തവരായിരുന്നതിനാൽ, യേശു മരിച്ചവരിൽനിന്നും ഉയിർത്തു എന്ന് പത്രൊസും യോഹന്നാനും പഠിപ്പിച്ചത് സദൂക്യരെ വല്ലാതെ അലോസരപ്പെടുത്തി. ദൈവാലയ പടനായകർ അവരെ അറസ്റ്റു ചെയ്തു പിറ്റേദിവസം സന്നിദ്രിംസംഘത്തിന്റെ മുൻപിൽ ഹാജരാക്കുന്നതുവരെ അവരെ തടവിലാക്കി (അ.പ്ര. 4:1–7).

**വായിക്കുക: അ.പ്ര. 4:1-18 എന്ത് അധികാരത്തിലാണ് അവർ അങ്ങനെ പ്രവർത്തിച്ചത് എന്ന് അവരോടു ചോദിച്ചപ്പോൾ എങ്ങനെയാണ് പത്രൊസ് മറുപടി നൽകിയത്? പത്രൊസ് പറഞ്ഞതിൽ അന്തർലീനമായി നേതാക്കന്മാർ ഭീഷണിയായി കണ്ട ദൂത് എന്തായിരുന്നു?**

അധികാരത്തെ സംബന്ധിച്ച് യഹൂദനേതാക്കന്മാർ ഉയർത്തിയ വെല്ലുവിളി അതേക്കുറിച്ച് കരുതലുണ്ടാവാൻ നിർദ്ദേശമുണ്ടായി. പത്രൊസ് പ്രഖ്യാപിച്ചത് യേശുവിന്റെ നാമത്തിൽ അത്ഭുതപ്രവൃത്തികൾ നടക്കുന്നു എന്നു മാത്രമല്ല രക്ഷ വരുന്നതും അവനിൽനിന്നാണ് എന്നാണ്. അപ്പൊസ്തലൻ യഹൂദാസമൂഹത്തിലെ ഏറ്റവും ഉയർന്ന സമിതിയുടെ മുൻപിലായിരുന്നുവെങ്കിലും അവരുടെ സേവനം അതിനേക്കാൾ ഉയർന്ന അധികാരത്തിൻ കീഴിലായിരുന്നു. വളരെ സാധാരണക്കാരായ മനുഷ്യരായിരുന്നു അപ്പൊസ്തലർ. അക്ഷരാഭ്യാസമില്ലാത്ത മീൻപിടുത്തക്കാരായ ഗലീലക്കാർ ഇങ്ങനയായിരുന്നെങ്കിലും അവരുടെ ധൈര്യവും അനായാസമായ സംസാരശൈലിയും അവിടെയുണ്ടായിരുന്നവർക്ക് വലിയ അടിയായിരുന്നു. നേതാക്കന്മാർക്ക് ശരിയായി മനസ്സിലായില്ലെങ്കിലും മനസ്സിലാക്കേണ്ട കാര്യം യേശു മുൻപേ സംസാരിച്ചതുപോലെതന്നെ അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിരുന്നു (മത്തായി 10:16-20).

അത്ഭുതപ്രവർത്തിയെ നിരസിക്കാനാവാത്തവിധം സൗഖ്യമാക്കപ്പെട്ട മനുഷ്യനും അവിടെ സന്നിഹിതനായിരുന്നു. എല്ലാവർക്കും അവനെ കാണുവാൻ കഴിഞ്ഞു. അപ്പൊസ്തലർ പ്രസംഗം നിർത്തണമെന്ന് സന്നിദ്രിംസംഘം കല്പന കൊടുത്തു. അവർ ദൂതിനെ ഭയപ്പെടുന്നതോടൊപ്പം പ്രസ്ഥാനത്തിനുള്ള ജനകീയ അഭിപ്രായവും വർദ്ധിച്ചുകൊണ്ടിരുന്നു. തെളിവുകളെ ശരിയായി വിശകലനം ചെയ്യാൻ പരാജയപ്പെട്ടതിനാൽ മുൻവിധിയിൽ അവരുടെ സ്വയം രക്ഷയ്ക്കായി പ്രവർത്തിക്കാൻ ആജ്ഞാപിച്ചു.

പത്രൊസിന്റെ അവസാനവാക്കുകൾ അ.പ്രവൃത്തികളിലെ വിലയേറിയ രത്നങ്ങളാണ്. "ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നതു പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല" (അ.പ്ര. 4:19,20).

**അധികാരത്തിനുവേണ്ടിയുള്ള ആഗ്രഹത്തെക്കുറിച്ച് ചിന്തിക്കുക. അത് ഏതുനിലയിലായാലും ഏതു സാഹചര്യമായാലും അങ്ങനെ ആയിത്തീരുന്നത് എത്ര അപകടകരമാണ്? ക്രിസ്ത്യാനികൾ ദാസന്മാർ എന്നു വിളിക്കപ്പെടുമ്പോൾ, അധികാരത്തോടുള്ള പ്രലോഭനങ്ങളിൽ നാം എത്രമാത്രം ശ്രദ്ധയുള്ളവരായിരിക്കണം?**

**അനന്യാസും സഫീറയും**

ആദ്യകാലസഭയിൽ വസ്തുവകകൾ ഒരിടത്ത് സമാഹരിക്കുന്നത് നിർബന്ധമല്ലായിരുന്നു; അത് ആ സമൂഹത്തിലെ അംഗത്വത്തിന്റെ ഔപചാരികമായ ഒരു വ്യവസ്ഥയുമല്ലായിരുന്നു എന്നിരുന്നാലും ന്യായമായ ഉദാരത ആ സമൂഹത്തെ മുഴുവൻ സ്വാധീനിച്ചിരുന്നതിന്റെ ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. അങ്ങനെയുള്ള ഒരു ഉദാഹരണമാണ് ബർന്നബാസ് (അ.പ്ര. 4:36,37). ഈ പുസ്തകത്തിൽ തുടർന്നുള്ള ഭാഗങ്ങളിൽ അദ്ദേഹത്തിന് പ്രധാനപ്പെട്ട ഒരു പങ്കുണ്ട്.

എങ്ങനെ ആയാലും സഭയുടെ ഐക്യത്തിന് ഭീഷണിയായി സഭയ്ക്ക് ഉള്ളിൽ നിന്നുതന്നെയുള്ള വിപരീത ഉദാഹരണങ്ങൾ ഉണ്ട്. അതും പുറത്തുനിന്നുള്ള ആക്രമണങ്ങൾ ആരംഭിച്ചുകഴിഞ്ഞ സമയത്തുതന്നെ.

**വായിക്കുക: അ.പ്ര. 5:1-11 ഈ കഥയിലെ പാഠങ്ങൾ എന്തൊക്കെയാണ്?**

ലൂക്കൊസ് എല്ലാകാര്യങ്ങളും വിശദമായി നമുക്ക് നൽകുന്നില്ലെങ്കിലും ഒരു സംശയവുമില്ല. അനന്യാസിന്റെയും സഫീറയുടെയും അടിസ്ഥാന പ്രശ്നം അവരുടെ ധനം അവർ സൂക്ഷിക്കുക എന്നതായിരുന്നില്ല. ആ സമൂഹത്തെ കബളിപ്പിക്കുവാനുള്ള ഒരു ശ്രമം അവരുടെ പാപം പെട്ടെന്ന് ഉണ്ടായ ഒരു ചിന്തയുടെ ഫലമല്ല. എന്നാൽ ശ്രദ്ധയോടെ പദ്ധതിയിട്ടതായിരുന്നു. "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ" പരീക്ഷിപ്പാൻ ഉള്ള മനഃപൂർവ്വമായ ശ്രമം (അ.പ്ര. 5:9). അവരുടെ വസ്തുവക വിറ്റ് കിട്ടുന്ന പണം സഭയ്ക്ക് കൊടുക്കുവാനുള്ള കടമ അവർക്ക് ഉണ്ടായിരുന്നില്ല. അങ്ങനെ അപ്പോൾ അവർ തന്നെ പ്രവർത്തിച്ചത് ഒരുപക്ഷേ അവർ അവരുടെ താത്പര്യമനുസരിച്ച് പ്രവർത്തിക്കുകയായിരുന്നു. തങ്ങൾ ചെയ്തത് പൊതുവായി പ്രകീർത്തിക്കപ്പെടുന്ന ഒരു ദാനമാണ് എന്ന് തോന്നിപ്പിക്കുവാൻ അവരുടെ സഹോദരങ്ങളുടെ സ്വാധീനം നേടുവാനുള്ള ശ്രമമായിരുന്നിരിക്കാം.

ഈ സാധ്യതയായിരിക്കാം എന്തുകൊണ്ടാണ് ദൈവം അവരെ ഇത്ര കഠിനമായി ശിക്ഷിച്ചത് എന്ന് വിശദീകരിക്കുവാൻ സഹായിച്ചത് സഭയുടെ സാമൂഹ്യജീവിതം, യേശു വരാൻ പോകുന്നു എന്ന ഉറച്ച വിശ്വാസത്തിന്റെ ഫലമായിരുന്നു എങ്കിലും അങ്ങനെയുള്ള ഒരു തുടക്കസമയത്ത് അനന്യാസിന്റെയും സഫീറയുടെയും പ്രവർത്തി ദൈവത്തോടുള്ള വിശ്വസ്തതയെ വിമർശിക്കുവാനും വിശ്വാസികളുടെ ഇടയിൽ തെറ്റായ സ്വാധീനം ഉണ്ടാക്കുവാനും ഇടയായി. ഇതിലെ വസ്തുത സഫീറയെപ്പോലെ അനന്യാസിനും പശ്ചാത്തപിക്കാനുള്ള സമയം കൊടുത്തിരുന്നുവോ എന്നതിന് പരാമർശം ഒന്നുമില്ല (അ.പ്ര. 5:8). വിവരണം ചുരുക്കുവാനായിരിക്കാം. അത് അടിവരയിടുന്നത് ആരംഭം മുതൽ അവസാനം വരെ അവർ പ്രവർത്തിച്ചത് പാപകരമായിട്ടാ

യിരുന്നു. ദൈവം എല്ലായ്പ്പോഴും ക്ഷണത്തിൽ ശിക്ഷിക്കുന്നില്ലെങ്കിലും അവന്റെ ദൃഷ്ടിയിൽ പാപം വളരെ ഗൗരവമുള്ളവയാണ് (യെഹെ. 18:20; റോമർ 6:23). അങ്ങനെയാണെങ്കിൽപ്പോലും ശിക്ഷ പലപ്പോഴും വ്യത്യസ്ത മാവുന്നത്, ദൈവം എത്ര ദയാലുവാണ് എന്ന് നമ്മെ എപ്പോഴും ഓർമ്മപ്പെ ടുത്താനാണ് (2 പത്രൊസ് 3:9).

**ആദ്യകാല സഭാവിശ്വാസികൾ ചെയ്തതുപോലെ കൃപയുടെ പരിധി മുൻപോട്ട് കൊണ്ടുപോകുന്നതിൽ നാം എത്ര ശ്രദ്ധയുള്ളവരായിരിക്കണം?**

**വ്യാഴം** **ജൂലൈ 19**

**രണ്ടാമത്തെ അറസ്റ്റ്**

അനന്യാസിന്റേയും സഫീറയുടേയും കാര്യത്തിലെന്നപോലെ, അപ്പൊ സ്തലന്മാർക്ക് പാപത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി കൊണ്ടുവരാൻ കഴിഞ്ഞു എങ്കിൽ പാപികളുടെ മേൽ ദൈവത്തിന്റെ കൃപകൊണ്ടുവരുവാനും അവർക്ക് കഴിയുമായിരുന്നു. അവരുടെ ശക്തമായ രോഗസൗഖ്യശുശ്രൂഷ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അവരിലൂടെ പ്രവർത്തിക്കുന്നതിനുള്ള വ്യക്ത മായ തെളിവായിരുന്നു. പത്രൊസിന്റെ നിഴൽ പോലും മനുഷ്യരെ സൗഖ്യ മാക്കിയിരുന്നു എന്ന വിശ്വാസം ഭയങ്കരമായിരുന്നു. അതിന് സമാനമായി സുവിശേഷത്തിൽ ഉള്ളത് യേശുവിന്റെ വസ്ത്രത്തിൽതൊട്ട് സൗഖ്യം പ്രാപിച്ച സ്ത്രീയുടെതാണ് (ലൂക്കൊസ് 8:43,44). പത്രൊസിന്റെ നിഴലിന് സൗഖ്യമാക്കുവാനുള്ള കഴിവുണ്ടായിരുന്നു എന്ന് ലൂക്കോസ് പറയുന്നില്ല, എന്നാൽ മനുഷ്യൻ അങ്ങനെ ചിന്തിച്ചു. അന്ധവിശ്വാസത്തിന്റെ പ്രചാരം എത്ര ഇടപെടൽ നടത്തിയാലും ദൈവം തന്റെ കൃപ പകർന്നു നൽകും.

കൂടുതൽ അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടെങ്കിലും അത്ഭുതങ്ങളും അടയാളങ്ങളും വർദ്ധിച്ചില്ലെങ്കിലും മതനേതാക്കന്മാർ അസൂയയാൽ നിറയപ്പെട്ടു. ഇത് അപ്പൊസ്തലന്മാരെ രണ്ടാമതും അറസ്റ്റു ചെയ്യുന്നതിലേക്ക് അവരെ നയിച്ചു (അ.പ്ര. 5:17,18); അവർ അത്ഭുതകര മായി രക്ഷപ്പെട്ടത് (അ.പ്ര. 5:19–24) പത്രൊസ് വളരെ ധൈര്യത്തോടെ നിങ്ങൾ മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത് (അ.പ്ര. 5:29) എന്ന് പ്രസംഗിച്ചതിനു ശേഷമാണ്. കാരണം പ്രകൃത്യാതീത സ്വാധീനത്തിന്റെ സാധ്യത അധികാരികൾ പരിഗണിക്കാൻ തുടങ്ങിയിരുന്നു.

**വായിക്കുക: അ.പ്ര. 5:34–39 എങ്ങനെയാണ് ഗമാലിയേൽ അപ്പൊസ്ത ലന്മാരേ കുല ചെയ്യുന്നതിൽനിന്ന് സന്നിദ്രിംസംഘത്തെ പിൻതിരിപ്പിക്കാൻ ശ്രമിച്ചത്?**

സന്നിദ്രിംസംഘത്തെ നിയന്ത്രിച്ചിരുന്നത് സദൂക്യരായിരുന്നു അവരോ ടൊപ്പം പരീശന്മാരും സ്വാധീനശക്തിയുള്ള ഒരു ന്യൂനപക്ഷമായി രൂപപ്പെട്ടു

കൊണ്ടിരുന്നു. ഗമാലിയേൽ പരീശനും നിയമത്തിൽ ഉയർന്ന വിദ്യാഭ്യാസം (ഡോക്ടറേറ്റ്) നേടിയ വ്യക്തിയുമായിരുന്നു. യഹൂദന്മാരുടെ ഇടയിൽ ഉന്നതമായി പരിഗണിക്കപ്പെട്ടിരുന്നതിനാൽ അദ്ദേഹം “റബ്ബി” എന്റെ അദ്ധ്യാപകൻ എന്നതിലുപരിയായി “റബ്ബാൻ” നമ്മുടെ അദ്ധ്യാപകൻ എന്ന് അറിയപ്പെട്ടു. പൗലൊസും അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്നു (അ.പ്ര. 22:3).

യിസ്രായേലിന്റെ സമീപകാല ചരിത്രത്തിൽ രണ്ട് വിമത പ്രസ്ഥാനങ്ങൾ ഗമാലിയേൽ ഓർക്കുന്നു. അവയും അനുയായികളെ ആകർഷിച്ച് അരക്ഷിതാവസ്ഥയ്ക്ക് കാരണമായി. അതിന്റെ നേതാക്കന്മാർ കൊല്ലപ്പെട്ടു. അവരുടെ അനുയായികൾ പൂർണ്ണമായും വിവിധദിശകളിലേക്ക് ചിതറപ്പെട്ടു. ഈ പാഠത്തെ അവൻ ഉപസംഹരിച്ചത് ക്രിസ്തീയപ്രസ്ഥാനം മനുഷ്യനാൽ ഉത്ഭവിക്കപ്പെട്ടതായിരുന്നുവെങ്കിൽ അത് പെട്ടെന്നു തന്നെ അപ്രത്യക്ഷമാകുമായിരുന്നു എന്നാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അപ്പൊസ്തലന്മാർ അവകാശപ്പെടുന്നതുപോലെ ഇത് ഒരു സ്വർഗ്ഗീയ പ്രസ്ഥാനമായിരുന്നെങ്കിൽ എത്രമാത്രം ഇത് ബാധിക്കപ്പെടാതെ നിലനിൽക്കണം എന്ന് പ്രത്യാശിച്ചു? ഗമാലിയേലിന്റെ നിർദ്ദേശം മുൻപത്തേക്കാൾ ശക്തമായി. അപ്പൊസ്തലന്മാർ ചാട്ടവാറാൽ അടിക്കപ്പെട്ടു. യേശുവിന്റെ നാമത്തിൽ സംസാരിക്കരുതെന്ന് വീണ്ടും കല്പിക്കപ്പെട്ടു.

**ആവശ്യസമയങ്ങളിൽ എത്രമാത്രം സഹായസന്നദ്ധരായ നല്ല ഉപദേശകരായിരിപ്പാൻ നമുക്കു കഴിയും എന്നതിനെക്കുറിച്ച് ഈ കഥ എന്തു പറയുന്നു? നമുക്ക് കേൾക്കാൻ ആഗ്രഹമില്ലാത്ത കാര്യങ്ങൾ ആണെങ്കിലും ഉപദേശങ്ങൾ ലഭിക്കുവാൻ നമുക്ക് എങ്ങനെ സ്വയം ഒരുങ്ങാം?**

**വെള്ളി** **ജൂലൈ 20**

**കൂടുതൽ ചിന്തയ്ക്ക്**

“അവൻ ഈ ഭൂമിയിൽ സേവിക്കാൻ കടന്നു വന്ന ഭവനങ്ങളെയും അവന്റെ താല്പര്യങ്ങളെയും ആ ദൈവത്തിന്റെ അസാന്നിദ്ധ്യത്തിൽ ഭാരമേല്പിച്ച കാര്യവിചാരകന്മാരാണ് നമ്മൾ. അവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോയി നമ്മെ ഉത്തരവാദപ്പെടുത്തി. അവൻ പ്രതീക്ഷിക്കുന്നത് നാം അവന്റെ പ്രത്യക്ഷതയ്ക്കായി ഇതു സൂക്ഷിച്ചുകൊണ്ട് കാത്തിരിക്കും എന്നാണ്. നമ്മുടെ വിശ്വാസത്തോട് നമുക്ക് സത്യസന്ധതയുള്ളവരായിരിക്കാം. അവൻ വേഗത്തിൽ വരുമ്പോൾ നാം ഉറങ്ങുന്നവരാവാതിരിക്കാം” എലൻ ജി. വൈറ്റ്, ടെസ്റ്റിമണീസ് ഫോർ ദ ചർച്ച് വാല്യു 8 പേജ് 37.

"ദൈവത്തിനുവേണ്ടിയുള്ള പ്രതിജ്ഞകളുടെയും വാഗ്ദാനങ്ങളുടെയും പരിശുദ്ധിയുടെ പ്രാധാന്യം കൂടുതലായി തിരിച്ചറിയുന്നവരായിരിക്കണം നാം. അങ്ങനെയുള്ള പ്രതിജ്ഞകൾ സാധാരണമായ രീതിയിൽ മനുഷ്യനും മനുഷ്യനും തമ്മിൽ നിയമപരമായി ചെയ്യുന്ന ഉടമ്പടിയല്ല. എന്നാൽ ദൈവവുമായി ചെയ്യുന്നതുകൊണ്ട് ഒരു വാഗ്ദത്തം പരിപാവനത കുറഞ്ഞതാവുമോ? ചില സാങ്കേതിക പദങ്ങളുടെ അഭാവവും, അത് നിയമം മൂലം ഉറപ്പുവരുത്താൻ കഴിയാത്തതുമായതുകൊണ്ട് ഒരു ക്രിസ്ത്യാനി അവൻ നൽകിയ വാക്കിന്റെ വ്യവസ്ഥയെ ശ്രദ്ധിക്കാതെ വിടുമോ? ദൈവത്തോടു നാം ചെയ്യുന്ന ഉടമ്പടിയെക്കാൾ നിയമസാധുതയുള്ള ഒരു ഉടമ്പടിയും വാഗ്ദത്തങ്ങളുമില്ല" എലൻ ജി. വൈറ്റ് കമന്റ്സ്, ദ എസ്.ഡി.എ. ബൈബിൾ കമന്ററി വാല്യം 6 പേജ് 1056.

**ചർച്ച ചെയ്യുക**

1. അനേകകാര്യങ്ങളുടെ കൂട്ടത്തിൽ പാരമ്പര്യമായ രണ്ടു കാര്യങ്ങൾ യേശു ശിഷ്യന്മാർക്ക് വിട്ടുകൊടുത്തു. അവന്റെ വേഗത്തിലുള്ള മടങ്ങിവരവിന്റെ പ്രതീക്ഷ, ലോകമെമ്പാടുമുള്ള ദൗത്യം എന്നീ രണ്ടുകാര്യങ്ങളും നമ്മുടെ ദൗത്യത്തേക്കുറിച്ചുള്ള പ്രായോഗികമനോഭാവത്തേയും ലോകത്തോട് സുവിശേഷം പ്രസംഗിക്കാനുള്ള വിളിയേയും എങ്ങനെ സ്വാധീനിക്കുന്നു?
2. ഒരാൾ ഒരിക്കൽ പറഞ്ഞു യേശു ഇന്നു വരുന്നുവെങ്കിൽ നാം തയ്യാറായിരിക്കുക. എന്നാൽ മറ്റൊരു നൂറ് വർഷം കൂടി എടുക്കും എന്ന പോലെ നമ്മുടെ വേല (സഭയുടെ വേല) തുടരുക. ഈ പ്രസ്താവനയിൽ എന്ത് വിവേകം നാം കാണുന്നു? നമ്മുടെ ജീവിതത്തിൽ നാം ഇത് എങ്ങനെ പ്രാവർത്തികമാക്കുന്നു?
3. ജീവനും മരണവും ഉയിർപ്പും യേശുവിന്റെ മടങ്ങിവരവും എന്തുകൊണ്ടാണ് നമ്മുടെ ഉപദേശത്തിന്റെ പ്രധാനഭാഗമാവുന്നത്? അല്ലെങ്കിൽ ഈ കാര്യങ്ങളില്ലാതെ നാം എന്ത് പ്രസംഗിക്കും?
4. നല്ലതിനായാലും തെറ്റായ കാര്യങ്ങൾക്കായാലും, മറ്റുള്ളവരുടെ ഹൃദയം അറിയുക എന്നത് എത്ര ദുഷ്കരമാണ് എന്ന് എങ്ങനെയാണ് അനന്യാസിന്റെയും സഫീറയുടെയും കഥ നമ്മെ പഠിപ്പിക്കുന്നത്?
5. ആധുനികകാലത്തെ നിങ്ങൾക്കറിയാവുന്ന ചില ഗമാലിയേൽമാർ ആരൊക്കെയാണ്? മറ്റുള്ളവർക്കുവേണ്ടി ആ സ്ഥാനത്ത് നിങ്ങളാണോ? ക്ലാസ്സിൽ സമയാസമയം ബുദ്ധിയുള്ള ഉപദേശങ്ങൾ കൊടുക്കുന്നതിലും സ്വീകരിക്കുന്നതിലുള്ള നല്ല കാര്യങ്ങൾ ചർച്ച ചെയ്യുക. ഈ വിവരണങ്ങളിൽനിന്ന് എന്ത് പാഠങ്ങൾ നമുക്ക് പഠിക്കാൻ കഴിയും?

✪ ✪ ✪ ✪